**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 47** **10-02-2025 - ല്‍ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദാന്തരീക്ഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരന്‍,<br>ശ്രീ. ഇ. ടി. ടൈസണ്‍ മാസ്റ്റര്‍ ,<br>ശ്രീ. വാഴൂര്‍ സോമന്‍ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയര്‍ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാന്‍ മുന്നോട്ട് വരുന്ന നവസംരംഭകര്‍ക്കും നിലവിലുള്ള സംരംഭകര്‍ക്കും ഒരുപോലെ പ്രോത്സാഹനം നല്‍കുന്നതിനും, സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും, നിരവധി പ്രവര്‍ത്തനങ്ങള്‍ സര്‍ക്കാര്‍ നടപ്പിലാക്കിവരുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പട്ടികയില്‍ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കുവാന്‍ കഴിഞ്ഞത് സംരംഭക മേഖലയില്‍ സംസ്ഥാനം ആവിഷ്കരിച്ച് നര്‍പ്പിലാക്കിയ വിവിധ പ്രവര്‍ത്തനങ്ങളിലൂടെയാണ്.<br><br>സംരംഭങ്ങള്‍ക്കുള്ള അനുമതികള്‍ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ല്‍ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സര്‍ക്കാര്‍ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വര്‍ഷമാക്കി ഉയര്‍ത്തുകയും, അപേക്ഷ സമര്‍പ്പിച്ച നാള്‍ മുതല്‍ 30 ദിവസത്തിനുള്ളില്‍ സംസ്ഥാന നിയമങ്ങള്‍ക്ക് കീഴിലുള്ള അനുമതികള്‍ അതതു വകുപ്പുകള്‍ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അല്ലാത്തപക്ഷം പ്രസ്തുത സംരംഭത്തിന് ഏകജാലക ബോര്‍ഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്.<br><br>ഇതോടൊപ്പം 2019-ല്‍ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കല്‍ (ഭേദഗതി) നിയമം' സംസ്ഥാന സര്‍ക്കാര്‍ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയില്‍ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോര്‍ഡിന്റെ ചുവന്ന കാറ്റഗറിയില്‍ പെടാത്തതുമായ |

സ്ഥാപനങ്ങൾക്ക് മൂന്നരവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും.

കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റുവാൻ സർക്കാർ നിരവധി ഇടപെടലുകൾ നടത്തിവരുന്നു. സംസ്ഥാനത്തെ സംരംഭങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നതിനും, അവരുടെ ഉന്നമനത്തിനും, വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും സർക്കാർ നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ- നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ഇതുകൂടാതെ സംസ്ഥാനത്തിൽ വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും ' മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയും 'ഇൻവെസ്റ്റർ പിച്ച്' പരിപാടിയും നടത്തിവരുന്നു. പ്രസ്തുത പദ്ധതികളുടെ സമയബന്ധിതമായ അവലോകനവും നടത്തിവരുന്നു.

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉത്പാദനവും, തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന

| | | | |
|---|---|---|---|
| | | | നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായഅനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു. |
| (ബി) | ഈ സർക്കാരിന്റെ പ്രവർത്തനഫലമായി വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടികളും നിയമ പരിഷ്ക്കാരങ്ങളും നടപ്പാക്കുന്ന കാര്യത്തിൽ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡിപിഐഐടി) പുറത്തിറക്കിയ, 22 വകുപ്പുകൾ ഏജൻസികളിൽ, 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ പുരസ്കാരം സ്വന്തമാക്കാൻ കേരളത്തിന് സാധിച്ചു. പ്രസ്തുത പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളാണ് ഡിപിഐഐടി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്.<br><br>വ്യവസായ സൗഹൃദ അന്തരീക്ഷ രൂപപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളു സംസ്ഥാനങ്ങളുടെ പ്രകടനവു അടിസ്ഥാനമാക്കി സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ 2022-ന്റെ വിലയിരുത്തൽ നടത്തിയിരുന്നു. ഈ പ്രവർത്തനത്തിൽ, നൂറ ശതമാനവും സംരംഭകരുടെ അഭിപ്രായത്തെ അടിസ്ഥാനമാക്കി ടോപ്പ് അച്ചീവറെ തിരഞ്ഞെടുക്കുന്നു.<br><br>30 മേഖലകളിൽ നടത്തിയ വിലയിരുത്തലിൽ, 9 മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോറോടെ കേരള ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച് ടോപ്പ് അച്ചീവർ വിഭാഗത്തിലെത്തി. ഏകജാലക സംവിധാനം, യൂട്ടിലിറ്റി അനുമതികൾ, റവന സർട്ടിഫിക്കറ്റുകളുടെ കാര്യക്ഷമ വിതരണ സംവിധാനം, ഗതാഗത സൗകര്യങ്ങൾ തൊഴിൽ എക്സ്ചേഞ്ച് സേവനം, നികുതി സംവിധാനത്തിലെ മെച്ചപ്പെടുത്തലുകൾ എന്നിവയുൾപ്പെ ടെയുള്ള മേഖലയിലെ |

| | | | |
|---|---|---|---|
| | | | കേരളത്തിന്റെ നവീനമായ പരിഷ്കാരങ്ങളാണ സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാന് 2022-ൽ ഉയർത്തിക്കാട്ടിയത്. ഇവയെല്ലാമാണ് സംസ്ഥാനത്തെ മിക നേട്ടത്തിലേക്ക് നയിച്ചത്. |
| (സി) | ഈ സർക്കാർ ആവിഷ്ക്കരിച്ച വ്യവസായ വികസന പരിപാടികളുടെ ഭാഗമായി ഐ.ടി, ഐ.ടി-ഇതര, നൂതന സാങ്കേതികവിദ്യാ മേഖലകളിൽ നിരവധി ആഭ്യന്തര-വിദേശ കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ എത്തിച്ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉത്തരവാദിത്ത വ്യവസായത്തെയും ഉത്തരവാദിത്ത നിക്ഷേപങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. അതിനായി പല നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നതിനും, അവരുടെ ഉന്നമനത്തിനും, വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനം, സാങ്കേതികവിദ്യയും നവീകരണവും, സ്ഥാപനപരമായ കാര്യക്ഷമത, വിപണി വികസനം, കയറ്റുമതി സുഗമമാക്കൽ, ഗവേഷണം, വികസനം, നൈപുണ്യ വികസനം, പ്രോത്സാഹനങ്ങൾ എന്നിവയുടെ രൂപത്തിൽ സമഗ്രമായ പിന്തുണ 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. കൂടാതെ സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഐ.ടി, ഐ.ടി - ഇതര, നൂതന സാങ്കേതികവിദ്യ മേഖലകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ് എന്നിവ പുതിയ വ്യാവസായിക നയത്തിലെ 'സൺറൈസ്' മേഖലയിൽ ഉൾപെടുത്തിയിട്ടുണ്ട്. ആയതിനാൽ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇളവുകളും ഈ മേഖലയിൽ ഉൾപ്പെടുന്ന സംരംഭങ്ങൾക്ക് ലഭിക്കുന്നതാണ്. ഈ മേഖലയിലുള്ള നിരവധി ആഭ്യന്തര-വിദേശ കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ എത്തിച്ചേർന്നിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ പ്രമുഖരായ അഡെസോ, സഫ്രാൻ, ഡിസ്പേസ്, സോഹോ, ഗ്രേറ്റ് അഫിനിറ്റി, ഐ.ബി.എം പോലുള്ള സ്ഥാപനങ്ങൾ അവരുടെ ഓഫീസ് കേരളത്തിൽ സ്ഥാപിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. |

| | | | |
|---|---|---|---|
| (ഡി) | വിദ്യാഭ്യാസം, തൊഴിൽ, വ്യവസായം എന്നീ മേഖലകൾ തമ്മിലുള്ള ഏകോപനക്കുറവ് കേരളം വ്യവസായ വികസനരംഗത്ത് നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളിലൊന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്യാമ്പസുകൾ കേന്ദ്രീകരിച്ചുള്ള വ്യവസായ പാർക്കുകൾ ഈ രംഗത്തു പ്രധാന ചുവടുവയ്പ്പായി മാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | വിദ്യാഭ്യാസം, തൊഴിൽ, വ്യവസായം എന്നീ മേഖലകൾ തമ്മിലുള്ള ഏകോപനക്കുറവ് കേരളം വ്യവസായ വികസനരംഗത്ത് നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളിലൊന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്യാമ്പ സുകൾ കേന്ദ്രീകരിച്ചുള്ള വ്യവസായ പാർക്കുകൾ ഈ രംഗത്തുള്ള പ്രധാന ചുവടുവയ്പ്പാണ്. വ്യവസായ ആവശ്യത്തിനായി സ്ഥലദൗർലഭ്യം പരിഹരിക്കുന്നതിനായി, സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അനുയോജ്യമായ അധിക ഭൂമി ഉപയുക്തമാക്കിയാണ് ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നത്. വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. ആയതിന്റെ പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നമ്പർ 16/2024/ തീയതി 29/2/24 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിന് സഹായകമായ ഒരു സംവിധാനമായി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പ്രവർത്തിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ